## പതിനഞ്ചാം കേരള നിയമസഭ

ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *29 | 05.12.2022 ൽ മറുപടിയ്ക്ക് |
|---|---|
| **സ്ത്രീസുരക്ഷയ്ക്കും ശാക്തീകരണത്തിനുമായി പദ്ധതികൾ** | |
| ചോദ്യം | മറുപടി |
| **ശ്രീമതി യു പ്രതിഭ**<br>**ശ്രീ എ. സി. മൊയ്തീൻ**<br>**ശ്രീ . കെ .ഡി .പ്രസേനൻ**<br>**ശ്രീ ജി സ്റ്റീഫൻ** | **വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** |
| (എ) സ്ത്രീസുരക്ഷയ്ക്കും ശാക്തീകരണത്തിനും പ്രതിജ്ഞാബദ്ധമായ സർക്കാർ എന്ന നിലയിൽ സംസ്ഥാനത്ത് നടപ്പിലാക്കിയ സ്ത്രീ ശാക്തീകരണ പദ്ധതികൾ ലക്ഷ്യം കണ്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) **2017 ൽ വനിതാ ശിശുവികസന വകുപ്പ് രൂപീകൃതമായതു മുതൽ സ്ത്രീ സുരക്ഷയ്ക്കും ശാക്തീകരണത്തിനുമായി നിരവധി പരിപാടികൾക്കും പദ്ധതികൾക്കും വകുപ്പ് രൂപം നൽകിയിട്ടുണ്ട്.** 2020-2021 വർഷങ്ങളിലെ കോവിഡ് വ്യാപനത്തിന്റെ കാലത്ത് സോഷ്യൽ മീഡിയാ ക്യാമ്പെയിൻ വഴി സ്ത്രീധന പീഡനങ്ങൾ, സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ എന്നിവയ്ക്കെതിരായി വലിയ തോതിലുള്ള പ്രചാരണ പ്രവർത്തനങ്ങൾ നടത്തുവാൻ വനിതാശിശു വികസന വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. നവോത്ഥാനാന്തര കേരളീയ സമൂഹത്തിൽ സ്ത്രീകളുടെ വിദ്യാഭ്യാസത്തിന് മുന്തിയ പരിഗണന ലഭിക്കുകയും അതുവഴി സ്ത്രീകളുടെ സാമൂഹ്യ, സാമ്പത്തിക പദവി ക്രമേണ ഉയരുന്ന സ്ഥിതി സംജാതമാവുകയും ചെയ്തു. അപ്പോഴും സർക്കാർ വിഭാവനം ചെയ്യുന്ന 'സ്ത്രീപക്ഷ നവകേരളം' എന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിന് പൊതു സമൂഹം ഇനിയും മുന്നോട്ട് പോകേണ്ടതായിട്ടുണ്ട്. |

സ്ത്രീകളോടുള്ള സമൂഹത്തിന്റെ മനോഭാവത്തിൽ മാറ്റം വരുത്തുന്നതിനായുള്ള പോരാട്ടത്തിന്റെ മുന്നണിയിൽ നിന്നുകൊണ്ട് യുവാക്കൾക്കിടയിലും പൊതുജനങ്ങൾക്കിടയിലും നിരവധി പ്രചാരണ പരിപാടികളും ബോധവൽക്കരണ ക്യാമ്പുകളും സംവാദങ്ങളും അക്ഷീണം നടത്തിവരുന്നു. അതിക്രമങ്ങൾക്ക് ഇരയാകുന്ന സ്ത്രീകൾക്ക് സൗജന്യ താമസ്സ സൗകര്യം, ആഹാരം, ചികിത്സ, കൗൺസിലിംഗ്, നിയമ സഹായം എന്നിവ വകുപ്പ് മുഖാന്തിരം നൽകി വരുന്നുണ്ട്. കൂടാതെ വിദ്യാഭ്യാസ ധനസഹായങ്ങൾ ഉൾപ്പെടെ വിവിധ പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.

**സ്ത്രീസുരക്ഷയ്ക്കും ശാക്തീകരണത്തിനും പ്രതിജ്ഞാബദ്ധമായ നിലയിൽ കേരള വനിതാ കമ്മീഷൻ നടപ്പിലാക്കിയ പദ്ധതികൾ** ലക്ഷ്യം കണ്ടിട്ടുണ്ട്. കഴിഞ്ഞ 5 വർഷമായി 510 അദാലത്തുകൾ നടത്തിയതിന്റെ ഫലമായി 13339 കേസുകൾ തീർപ്പാക്കിയിട്ടുള്ളതും, 2121 ബോധവത്കരണ പ്രവർത്തനങ്ങളും 721 സെമിനാറുകളും, 239 ജാഗ്രത സമിതികളുടെ പരിശീലനവും, 118 വിവാഹപൂർവ്വ കൗൺസിലിംഗുകളും, 1133 കലാലയ ജ്യോതി പരിപാടികളും, 29 മുഖാമുഖം പരിപാടികളും, 23 ഗവേഷണ പഠനങ്ങളും കമ്മീഷൻ സംഘടിപ്പിച്ചിട്ടുണ്ട്. കമ്മീഷന്റെ ശിപാർശ അനുസരിച്ച് വിചാരണ തടവുകാരെ കോടതിയിലേക്ക് കൊണ്ടുപോകുമ്പോൾ അവർക്ക് നൽകുന്ന ഭക്ഷണ അലവൻസിന്റെ തുക 35/- രൂപയിൽ നിന്നും 150/-

| | |
|---|---|
| | രൂപയായി വർദ്ധിപ്പിച്ചു. മഹിളാമന്ദിരങ്ങളുടെയും ഷോർട്ട് സ്റ്റേ ഹോമുകളുടെയും അടിസ്ഥാന സൗകര്യങ്ങൾ സർക്കാർ മെച്ചപ്പെടുത്തിയിട്ടുണ്ട്. 2013 ലെ പോഷ് നിയമത്തിന്റെ നോഡൽ ഏജൻസിയായി വനിതാ ശിശു വികസന വകുപ്പിനെ നിയമിച്ചു. കേരളത്തിലെ ഒട്ടുമിക്ക ജോലി സ്ഥലങ്ങളിലും മുലയൂട്ടൽ മുറികൾ ഒരുക്കിയിട്ടുണ്ട്.<br>**കേരള വനിതാ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ**<br>1. സ്വയം തൊഴിൽ വായ്പാ പദ്ധതി.<br>2. സമാശ്വാസ വായ്പ - സ്മൈൽ കേരള പദ്ധതി<br>3. വനിതാ മിത്ര<br>4. ട്രാൻസ്ജെൻഡർ വിഭാഗത്തിൽപ്പെട്ടവർക്കുള്ള സ്വയംതൊഴിൽ വായ്പാ പദ്ധതി.<br>5. ഇ ഡി പി പദ്ധതി<br>6. വനിതാ മിത്ര കേന്ദ്രം<br>7. സേഫ് സ്റ്റേ പദ്ധതി<br>8. 181 വനിതാ ഹെൽപ്പ് ലൈൻ<br>9. ബോധ്യം പദ്ധതി - പോലീസ് ഉദ്യോഗസ്ഥർക്കുള്ള ലിംഗാവബോധ പരിശീലന പരിപാടി.<br>10. ആർത്തവ ശുചിത്വ പരിപാലന പരിശീലന ക്ലാസ്സുകൾ.<br>11. വനമിത്ര - ആദിവാസി വനിതകളുടെ സമഗ്ര ശാക്തീകരണം.<br>12. പ്രൊഫഷണൽ ഗ്രൂമിംഗ് അക്കാഡമി ഫോർ വിമൺ - REACH ഫിനിഷിംഗ് സ്കൂളിൽ വനിതകൾക്ക് തൊഴിൽ പരിശീലന പരിപാടി. |

| | |
|---|---|
| | 13. Advanced Skill Enhancement Programme for Nurses (ASEP-N).<br>14. വുമൺ സെൽ |
| (ബി) സ്ത്രീധനത്തിനും സ്ത്രീപീഡനത്തിനുമെതിരെ ആരംഭിച്ച സ്ത്രീപക്ഷ നവകേരളം എന്ന പരിപാടിയുടെ പുരോഗതി അറിയിക്കാമോ; | (ബി) സ്ത്രീപക്ഷ നവകേരളത്തിന്റെ ഭാഗമായി അയൽക്കൂട്ടതലം മുതൽ ജില്ലാ തലം വരെ സ്ത്രീപക്ഷ കർമ്മപദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇത് കുടുംബശ്രീയുടെ ഇരുപത്തഞ്ചാം വാർഷികത്തോടനുബന്ധിച്ചുള്ള കോൺക്ലേവിൽ അവതരിപ്പിക്കുന്നതാണ്. സ്കൂളുകളിലും കോളേജുകളിലും ആരംഭിച്ച ജെൻഡർ ക്ലബ്ബുകൾ വഴി ജെൻഡർ അവബോധ പരിശീലനങ്ങളും മറ്റു പ്രവർത്തനങ്ങളും നടത്തിവരുന്നു. ഓക്സിലറി ഗ്രൂപ്പുകളും യൂത്ത് ക്ലബ്ബുകളും കേന്ദ്രീകരിച്ച് സേഫ് ലൈഫ് എഡ്യുക്കേഷൻ എന്ന വിഷയത്തിൽ പരിശീലനങ്ങൾ സംഘടിപ്പിച്ച് വരുന്നു. 2022 നവംബർ, ഡിസംബർ മാസങ്ങളിലായി ലിംഗാധിഷ്ഠിത അതിക്രമങ്ങൾക്കെതിരെയുള്ള തുടർ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള ക്യാമ്പയിൻ അയൽക്കൂട്ടതലം മുതൽ സംസ്ഥാനതലം വരെ നടത്തിവരുന്നു. |
| (സി) സ്ത്രീശാക്തീകരണ പ്രവർത്തനങ്ങൾ ത്വരിതഗതിയിലാക്കുന്നതിനായി ജൻഡർ കൗൺസിൽ രൂപീകരിക്കാൻ പദ്ധതിയുണ്ടോ എന്ന് വ്യക്തമാക്കാമോ; | (സി) വനിതാശിശു വികസന വകുപ്പ മന്ത്രി അദ്ധ്യക്ഷയും, വനിതാശിശു വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കൺവീനറും, വനിതാശിശു വികസന വകുപ്പ ഡയറക്ടർ ജോയിന്റ് കൺവീനറും വിവിധ മേഖലകളിൽ പ്രഗൽഭരായ 11 അനൗദ്യോഗിക അംഗങ്ങളുമടങ്ങിയ ജെൻഡർ കൗൺസിൽ സ.ഉ(സാധാ)നം.433/2022/ വശി.വി.വ തീയതി 27.09.2022 പ്രകാരം രൂപീകരിക്കുകയും ടി 11 |

| | |
|---|---|
| | അനൗദ്യോഗിക അംഗങ്ങളിൽ ഉൾപ്പെട്ട ഡോ.ടി.കെ ആനന്ദിയെ ജെൻഡർ കൗൺസിലിന്റെ ജെൻഡർ കൺസൾട്ടന്റ് ആയും നിയമിച്ചിട്ടുണ്ട്. |
| (ഡി) എങ്കിൽ എന്തൊക്കെ ചുമതലകളാണ് പ്രസ്തുത കൗൺസിൽ നിർവ്വഹിക്കുക എന്ന് അറിയിക്കാമോ? | (ഡി) സംസ്ഥാന സർക്കാർ നടപ്പാക്കിവരുന്ന സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജസ്വലമായി നടപ്പാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന വ്യാപകമായി ചർച്ചകളും സംവാദങ്ങളും സെമിനാറുകളും സംഘടിപ്പിക്കുക.<br>അന്തർദേശീയ തലത്തിൽ സ്ത്രീശാക്തീകരണ രംഗത്ത് ഉണ്ടായിട്ടുള്ള നവീന ആശയങ്ങൾ ഉൾക്കൊണ്ടുകൊണ്ടുള്ള പദ്ധതികൾ ആവിഷ്കരിച്ച് സർക്കാരിന് സമർപ്പിക്കുക.<br>സംസ്ഥാന വനിതാ ശിശുവികസന വകുപ്പിന്റെ സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് മറ്റ് വകുപ്പുകളുമായി ഏകോപനം സാധ്യമാക്കുക.<br>സംസ്ഥാന സർക്കാർ രൂപീകരിച്ച് അംഗീകരിച്ച ജെൻഡർ ഇക്വാലിറ്റി ആൻഡ് വിമൺ എംപവർമെന്റ് പോളിസി (ലിംഗപദവിസമത്വ-സ്ത്രീ ശാക്തീകരണ നയം) ജനകീയവൽക്കരിക്കുന്നതിനും എല്ലാ വകുപ്പുകളിലും ജൻഡർ ബഡ്ജറ്റിംഗ്, ജൻഡർ പ്ലാൻ, ജൻഡർ ഓഡിറ്റിംഗ് എന്നിവ സാധ്യമാക്കി പ്രവൃത്തികൾ അവലോകനം ചെയ്യുകയും, അതുസംബന്ധിച്ച് വാർഷിക റിപ്പോർട്ട് തയ്യാറാക്കി വനിതാശിശു വികസന വകുപ്പുവഴി സർക്കാരിന് സമർപ്പിക്കുക.<br>സ്ത്രീശാക്തീകരണ നയം ശക്തമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി വനിതാ |

| | |
|---|---|
| | ശിശുവികസന വകുപ്പ്, പ്ലാനിംഗ് ബോർഡ്, ഫിനാൻസ് ഡിപ്പാർട്ടുമെന്റ് കൂടാതെ മറ്റിതര വകുപ്പുകളുമായുള്ള ഏകോപനം.<br>സ്ത്രീകൾക്കു വേണ്ടിയുള്ള നിയമങ്ങൾ, ചട്ടങ്ങൾ എന്നിവയിൽ കാലാനുസൃത മാറ്റങ്ങൾ വരുത്തുന്നതിനും സ്ത്രീകളുമായി ബന്ധപ്പെട്ട സ്കീമുകളിലും പദ്ധതികളിലും നിലവിലുള്ള വിടവുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി അവ പരിഹരിക്കുക, ലിംഗ അസമത്വം നിലനിൽക്കുന്നമേഖലകൾ കണ്ടെത്തി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം നിർദ്ദേശിക്കുക തുടങ്ങിയവയാണ് ജെൻഡർ കൗൺസിലിന്റെ പ്രധാനപ്പെട്ട ചുമതലകൾ. |

സെക്ഷൻ ഓഫീസർ